രൂപാന്തരത്തിലൂടെ ഉള്ള സാക്ഷ്യം മാത്രമല്ല, നമ്മുടെ ചുറ്റുമുള്ള സമൂഹത്തോടുള്ള ദൗത്യം നിർവഹിക്കുമ്പോൾ മാത്രമേ നമ്മുടെ ക്രിസ്തീയ ജീവിതം പൂർത്തീകരണത്തിൽ എത്തുകയുള്ളു.

പക്ഷേ ഇന്നത്തെ കാലത്ത് ജീവിത ദർശനത്തിനും, പ്രവർത്തനശൈലിക്കും അപചയം സംഭവിച്ചിരിക്കുന്നു. നമ്മിൽ നിറഞ്ഞുനിൽക്കുന്ന രൂപാന്തരപ്പെടുത്തുന്ന സാക്ഷ്യത്തെ സമകാലിക ദൗത്യമായി മാറ്റുക എന്നതാണ് ക്രൈസ്തവ ദർശനം. രോഗികളെ അപ്പോസ്തോലന്മാർ സൗഖ്യമാക്കുമ്പോൾ വാസ്തവത്തിൽ അത് കേവലം ദൗത്യം എന്നതിലുപരിയായി ക്രിസ്തീയ സാക്ഷ്യത്തിന്റെ പങ്കുവെക്കൽ കൂടിയായിരുന്നു. തങ്ങളുടെ ഗുരുവിന്റെ പ്രകാശത്തെ പങ്കുവെക്കുന്ന അനുഭവം. ആവശ്യങ്ങളിൽ ഇരിക്കുന്ന ചുറ്റുമുള്ളവരെ കാണാതെ സ്വന്തം കീശ വീർപ്പി

ക്കുവാനും, എല്ലാം ഞാൻ മാത്രം എന്നുള്ള ചിന്താഗതിയും മനുഷ്യനെ ഇന്ന് ഭരിക്കുന്നു.

1 രാജാക്കന്മാർ 19:18-ൽ ഏലിയാവ് എലിശയെ ആദ്യമായി കാണുന്നതും എലീശയെ തിരഞ്ഞെടുക്കുന്നതുമാണ് വിഷയം. വേദപുസ്തകത്തിലെ വ്യത്യസ്തമായ തിരഞ്ഞെടുപ്പ് ആയിരുന്നു ഇത്. ഇവിടെ സൂചിപ്പിക്കുന്നത് രൂപാന്തരപ്പെടുത്തുന്ന സാക്ഷ്യം, അത് പുതിയ തിരഞ്ഞെടുപ്പിനുള്ള ദൗത്യമാണ് എന്നുള്ളതാണ്. ദൈവത്തിന്റെ പ്രവാചകന്മാരെ ഉന്മൂലനാശം ചെയ്യുവാൻ ഒരു മടിയും കൂടാതെ ഇറങ്ങിയ രാജാവിനെപ്പറ്റി ഏലീയാവിനു ഉണ്ടായിരുന്ന അതേ ബോധ്യം എലിശയ്ക്കും നിശ്ചയമായും ഉണ്ടായിരുന്നിരിക്കണം. ദൈവത്തിന്റെ പദ്ധതികളെ മനസ്സിലാക്കാതെ നിഷ്ഠൂരന്മാരായ രാജാക്കന്മാർക്കെതിരെയുള്ള പ്രവാചക ദൗത്യം ആയിരിക്കണം നാം ഏറ്റെടുക്കേണ്ടത്. ഇതിനു കൊടുക്കേണ്ട വില എത്രയെന്ന് മനസ്സിലാക്കി പൂർണ്ണ മനസോടെ ഭയമില്ലാത്ത ദൗത്യം നാം ഏറ്റെടുക്കണം. ഏലിയാവിന്റെയും എലിശയുടെയും കാലഘട്ടത്തിൽ നിന്ന് ഒട്ടും വ്യത്യസ്തമല്ല നാം ജീവിക്കുന്ന ഈ ലോകം. ദൈവത്തിന്റെ ഇടപെടലുകൾ അത്യാവശ്യമായിട്ടുള്ള ചുറ്റുപാടുകളിൽ ദൈവത്തിന്റെ തിരഞ്ഞെടുപ്പുകളും ദൗത്യത്തെയും അംഗീകരിക്കുവാൻ നമുക്ക് സാധിക്കണം. ഏലിയാവിൽ നിന്ന് ഒരു പുതപ്പിട്ടുകൊണ്ട് ആരംഭിക്കുന്ന എലീശയുടെ പ്രവാചകദൗത്യം ദൈവത്തിന്റെ പദ്ധതികളുടെ പൂർത്തീകരണത്തിന് കാരണമായി മാറി.

മിഷനറിമാരാൽ സ്ഥാപിതമായ ദക്ഷിണേന്ത്യ സഭയുടെ മക്കൾ ആയിരിക്കുന്ന നാം, സമകാലികരോടുള്ള ദൗത്യത്തിൽ കുതിച്ചുചാടേണ്ടിയിരിക്കുന്നു. ഇന്ത്യയുടെ പല ഭാഗങ്ങളിൽ നമ്മുടെ മഹായിടവക ദൗത്യ ശുശ്രൂഷ നിർവഹിക്കുമ്പോൾ പിന്തുണക്കുവാനും പ്രാർത്ഥിക്കുവാനും നമുക്ക് ഇടയാകണം. പ്രത്യേകിച്ച് ഈ കാലയളവിൽ യുവജനങ്ങൾ ലക്ഷ്യബോധ്യവും അർപ്പണമനോഭാവവും ഉള്ളവരായി സമൂഹത്തിനും സഭക്കും ആവശ്യമാണ്. അതിനായി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

ഈ നാളുകളിൽ ക്രൈസ്റ്റ് ചർച്ചിൽ നിന്നു ലഭിച്ച സഹായത്തിലൂടെ ദൗത്യനിർവഹണവുമായി അനേക വ്യക്തികൾക്ക് സഹായകരമാകുവാൻ മഹായിടവക യുവജനപ്രസ്ഥാനത്തിനും സാധിച്ചു. തുടർന്നും നമ്മുടെ പ്രവർത്തനങ്ങളും ദൗത്യങ്ങളും അശരണർക്ക് കൈത്താങ്ങായിത്തീരുവാനും മറ്റുള്ളവരിൽ രൂപാന്തരം സൃഷ്ടിക്കുവാനും ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

സ്നേഹാഭിവാദ്യങ്ങളോടെ,

**റവ. സിബി മാത്യു**
(ജനറൽ സെക്രട്ടറി,
സി.എസ്.ഐ. മദ്ധ്യകേരള മഹായിടവക
യുവജനപ്രസ്ഥാനം)



# സുഖനിദ്ര ദൈവത്തിന്റെ മഹത്തായ ദാനം

**രാ**ത്രിയിൽ നല്ല ഉറക്കം കിട്ടുക എന്നത് ഒരു ദൈവാനുഗ്രഹമാണ്. "ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും, നീയല്ലോ യഹോവേ, എന്നെ നിർഭയം വസിക്കുമാറാക്കുന്നത്" (സങ്കീർത്തനം 4:8). സുഖനിദ്രയെക്കുറിച്ചുള്ള ഒരു മനോഹര വേദവാക്യം.

നമ്മുടെ ആരോഗ്യത്തിന് ശരിയായ ഉറക്കം ആവശ്യമാണ്. ദേഹത്തിനു ഉന്മേഷവും ഊർജവും പകരുവാൻ ഉതകുന്ന പ്രക്രിയയാണ് ഉറക്കം. ഉറക്കമില്ലായ്മ ഒരു മനോരോഗമായി കരുതാവുന്നതാണ്. ഇതു പല അസുഖങ്ങൾക്കും കാരണമാകുന്നു. നമുക്കെല്ലാം അറിയാവുന്നതുപോലെ. ആരോഗ്യമുള്ള ജീവിതത്തിനു എട്ടു മണിക്കൂറെങ്കിലും നാം ഉറങ്ങിയിരിക്കണം. ഉറക്കമില്ലായ്മ നമ്മുടെ തലച്ചോറിന്റെ ശരിയായ പ്രവർത്തനത്തെ സാരമായി ബാധിക്കും. ജാഗ്രതയോടെ, കാര്യക്ഷമതയോടെ ഓരോ കാര്യങ്ങളും നിവർത്തിക്കേണ്ടതിനു ഉറക്കം ആവശ്യമാണ്. കുറച്ചു ഉറക്കം ഉള്ളവർക്ക് മാനസികപിരിമുറുക്കം ഉണ്ടാകുന്നു. (Lesser sleeping can make one easily stressed up). ഉറക്കമില്ലായ്മ, hypertension, diabetics, മൂത്രാശയ രോഗങ്ങൾ തുടങ്ങിയവക്ക് കാരണമാകും എന്ന് വൈദ്യശാസ്ത്രം പറയുന്നു. മനുഷ്യന്റെ പ്രവർത്തനക്ഷമതയെ (Productivity) ബാധിക്കുന്ന ഉറക്കമില്ലായ്മ വീടിന്റെയും നാടിന്റെയും നഷ്ടമാണ്.

ഉറക്കത്തെക്കുറിച്ചു വേദപുസ്തകം എന്തു ആലോചന നൽകുന്നു എന്ന് നോക്കാം. ദൈവം തന്നിൽ പൂർണമായി ശരണം പ്രാപിക്കുന്നവർക്കു നൽകുന്ന അമൂല്യ ദാനമാണ് സ്വസ്ഥമായിട്ടുള്ള ഉറക്കം. സുഖനിദ്രയെക്കുറിച്ച് ചിന്തിക്കുമ്പോൾ വേദപുസ്തകത്തിൽ വിവരിച്ചിരിക്കുന്ന രണ്ടു മനോഹരമായ രംഗങ്ങളാണ് ഓർക്കുന്നത്. കാറ്റും കോളും നിറഞ്ഞ കടലിലൂടെ പോകുന്ന വള്ളത്തിൽ ശാന്തനായി ഉറങ്ങുന്ന യേശുകർത്താവ് (മത്തായി. 8:23-27). ഹരാനിലേക്കുള്ള വഴിയാത്രയിൽ, തികച്ചും വിജനമായ, അപരിചിതമായ ഒരു സ്ഥലത്തു, കല്ലുകളിൽ ഒന്നു തലയിണയായി വെച്ച് കിടന്ന് തന്റെ ഉറക്കത്തിലും, യഹോവയുടെ സാമിപ്യം അനുഭവിക്കുന്ന യാക്കോബ് (ഉല്പത്തി 28:11).

വിശ്രമം ദൈവദത്തമാണ്; നമ്മെ ഭയങ്കരവും അതിശയകരവുമായി സൃഷ്ടിച്ചിരിക്കുന്ന ദൈവത്തിന്റെ വിലയേറിയ ദാനമാണ് സുഖനിദ്ര. ആലോചിച്ചു നോക്കിയാൽ, നമുക്കു ശരിയായ ഉറക്കം കിട്ടുന്നില്ല എങ്കിൽ അതിന് ഏറെക്കുറെ കാരണം നമ്മൾ തന്നെയല്ലേ എന്ന് തോന്നിയിട്ടുണ്ട്. ഉറക്കമില്ലായ്മ അറിഞ്ഞോ, അറിയാതെയോ നമ്മുടെ തന്നെ സൃഷ്ടിയാണെങ്കിൽ ശരീരത്തെ നാം ദുരുപയോഗം ചെയ്യുകയല്ലേ? മുകളിൽ സൂചിപ്പിച്ചതുപോലെ, ഉറക്കമില്ലായ്മ, നമ്മുടെ ശരീരത്തിന് ദുരവ്യാപകമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കാം. അതി

നാൽ, ദൈവത്തിന്റെ മന്ദിരമായ നമ്മുടെ ശരീരത്തെ നാം ശരിയായ രീതിയിൽ ആരോഗ്യത്തോടെ സൂക്ഷിക്കണം.

ചിട്ടയായ ജീവിതം ദൈവീകമാണ്. നമ്മുടെ ജീവിതശൈലി എത്രമാത്രം ക്രമീകൃതമാണോ അത്രത്തോളം ആരോഗ്യമുള്ളവരായി കഴിയാം. ഉദാഹരണമായി ഉറക്കത്തിനു ഒരു ക്രമമായ പതിവ് ഉണ്ടാക്കുക നല്ലതാണ്. Create a routine for sleep. ബോധപൂർവ്വം വേണം ഉറങ്ങാൻ കിടക്കുവാൻ. (അലസമായി ഉറക്കത്തിനു തയ്യാറെടുക്കരുത്) ഭക്ഷണം കഴിഞ്ഞാൽ രണ്ടു മണിക്കൂർ എങ്കിലും സമയം കൊടുത്തിട്ടു വേണം ഉറങ്ങുവാൻ. വളരെ വൈകിയുള്ള ഉറക്കം നല്ലതല്ല. ഉറങ്ങുവാൻ കിടക്കുമ്പോൾ, ഉറക്കം വരുന്നില്ലെങ്കിൽ മറ്റു പ്രവർത്തനങ്ങൾക്ക് (tasks) ഒരുമ്പെടാതെ, ഉറങ്ങുവാൻ ഒരുങ്ങിത്തന്നെ കിടക്കുക. രാത്രി ഉറക്കത്തിന് നാലഞ്ച് മണിക്കൂർ മുമ്പ് തന്നെ ചായയും കാപ്പിയും കുടിക്കാതിരുന്നാൽ അത്രയും ഭംഗിയായി ഉറങ്ങാം.

ഉറക്കത്തിന് മുമ്പ് കാണുന്ന കാര്യങ്ങളും ചിന്തിക്കുന്ന വിഷയങ്ങളും നമ്മുടെ ഉറക്കത്തെ സ്വാധീനിക്കും. അതുകൊണ്ടു ഭയപ്പെടുത്തുന്ന, ഉത്ക്കണ്ഠയുണ്ടാക്കുന്ന സീരിയലുകളും, മൊബൈൽ message/video കളും കഴിവതും ഉറക്കത്തിനു തൊട്ടുമുമ്പ് കാണാതിരിക്കുന്നതാണ് നല്ലത് എന്ന് ഡോക്ടേഴ്സ് പറയുന്നു. ഇതെല്ലാം പല രീതിയിലുള്ള ചിന്തകൾ മനസ്സിൽ കൊണ്ടുവരും. അത് ഉറക്കം കെടുത്തും. ഉറങ്ങാൻ കിടക്കുമ്പോൾ Laptop/ Mobile തുടങ്ങിയവ തീർത്തും മാറ്റി വയ്ക്കുക.

പ്രാർത്ഥിച്ചിട്ടുവേണം ഉറങ്ങുവാൻ. ദൈവസന്നിധിയിൽ നമ്മെത്തന്നെ ഭരമേല്പിച്ച് ദൈവവുമായി നിരന്നിട്ടു വേണം ഉറങ്ങുവാൻ. സങ്കീർത്തനങ്ങൾ 31:5 ലെ പ്രാർത്ഥന "യഹോവേ നിന്റെ കയ്യിൽ ഞാൻ എന്റെ ആത്മാവിനെ ഭരമേല്പിക്കുന്നു." എന്നത് യഹൂദ കുട്ടികൾക്ക് ഉറക്കത്തിനു മുമ്പ് മാതാപിതാക്കൾ ചൊല്ലിക്കൊടുത്തിരുന്നു. "ഭരമേല്പിക്കുന്നു" എന്നതിന് മൂലഭാഷയിൽ Safekeeping എന്ന അർത്ഥമാണ്. ഉറങ്ങാതെയുള്ള യാചനയും പ്രാർത്ഥനയും നമ്മുടെ ദൈവാശ്രയത്തെ പ്രതിഫലിപ്പിക്കുന്നു കുരിശിൽ വച്ച് യേശു കർത്താവു പ്രാർത്ഥിച്ചു. പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏല്പിക്കുന്നു (ലൂക്കൊ. 23:46) നമ്മുടെ ആത്മാവിനെ തൃക്കയ്യിൽ ഏല്പിച്ചു കൊള്ളുന്നു എന്ന് വിശ്വാസത്തോടു പ്രാർത്ഥിച്ചു നമുക്ക് രാത്രി തലചായിപ്പാൻ കഴിയുമെങ്കിൽ അതൊരു അനുഗ്രഹമായിരിക്കും.

ഇന്ത്യയിലെ ഒരു പ്രമുഖ ക്രിസ്ത്യൻ ആശുപത്രിയിൽ, ഞാൻ ഒരു രോഗം പിടിപെട്ടു ചികിത്സയിലായിരുന്ന സമയം-രാത്രി ഉറക്കം വലിയ വിഷമമായിരുന്നു. അവിടെയുള്ള പ്രശസ്തനായ ന്യൂറോളജി ഡോക്ടറെ കണ്ടു. അദ്ദേഹം രണ്ടു കാര്യങ്ങൾ നിർദേശിച്ചു. ഒന്ന്, ഉച്ചകഴിഞ്ഞുള്ള ഉറക്കം കുറയ്ക്കുക മാത്രമല്ല, പൂർണ്ണമായി നിർത്തണം എന്ന് അദ്ദേഹം പറഞ്ഞു. ഉച്ചയുറക്കം (Afternoon siesta) sleep cycle നെ ബാധിക്കുന്നതാണ്. രാത്രിയുറക്കം കെടുത്തുന്നതാണ് എന്നദ്ദേഹം പറഞ്ഞു. ഇതു പരീക്ഷിച്ചു നോക്കി. വളരെ ഫലപ്രദമാണെന്ന് മനസ്സിലായി. ആദ്യമൊക്കെ ഉച്ചക്ക് ഉറങ്ങി ശീലിച്ച എനിക്ക് ഇതു വലിയ പ്രയാസമായിരുന്നു. ഇപ്പോൾ ഉച്ചയുറക്കത്തിനു പകരം ഉച്ചക്കുശേഷം വായിച്ച് സമയം ചിലവഴിക്കുന്നു.

ക്രിസ്ത്യാനിയായ ഈ ഡോക്ടറുടെ രണ്ടാമത്തെ നിർദ്ദേശംവളരെ ഹൃദ്യമായി

തോന്നി. അദ്ദേഹം ഇങ്ങനെ പറഞ്ഞു. താങ്കൾ ഈ ഉച്ചകഴിഞ്ഞുള്ള സമയത്തു ബൈബിൾ വായിച്ചിരിക്കുക.

ക്രിസ്ത്യാനിയായ ഈ ന്യൂറോളജി ഡോക്ടർ പറഞ്ഞതിന്റെ സാരം വേദവാക്യങ്ങൾ വായിച്ചു, ധ്യാനിച്ചുകൊണ്ട് മനസിനെ നിറക്കുക. അത് ചിന്തകളെ സ്വാധീനിക്കും. നമ്മുടെ അബോധമനസ്സിൽ നിറയുന്ന കാര്യങ്ങൾ രാത്രി നിദ്രയിലെ ചിന്തകൾക്കും സ്വപ്നങ്ങൾക്കും ഉറവിടമാണ് എന്ന് വായിച്ചിട്ടുണ്ട്. 'എനിക്കു ബുദ്ധി ഉപദേശിച്ചു തന്ന യഹോവയെ ഞാൻ വാഴ്ത്തും; രാത്രികാലങ്ങളിലും എന്റെ അന്തരംഗം എന്നെ ഉപദേശിക്കുന്നു' (സങ്കീർത്തനങ്ങൾ 16:7). വേദപുസ്തക ധ്യാനം ആത്മിക ചിന്തകൾ തരുന്നു. ഈ നല്ല ചിന്തകൾ പരിശുദ്ധാത്മാവ് തരുന്നതാണ്. ഇവ നമ്മുടെ മനസ്സിനെ പ്രധാനമായി അബോധ മനസ്സിനെ നിറയ്ക്കുന്നു. നല്ല ചിന്തകൾ ഉറക്കം സുഗമമാക്കുന്നു.

നല്ല ദൈവീക ചിന്തകൾകൊണ്ട് മനസ്സ് നിറക്കുന്നില്ലെങ്കിൽ അത് സാത്താന്റെ പണിപ്പുരയായി മാറും. An idle, empty mind is the Devil's workshop. ഉറക്കം വരാതെ കിടക്കുന്ന രാത്രിയാമങ്ങളിൽ വളരെ മോശമായ ചിന്തകൾ മനസ്സിൽ കയറി വരാം എന്നും,. ഇതു വളരെ സൂക്ഷിക്കേണ്ട കാര്യമാണെന്നും ഒരു ക്രിസ്തീയ എഴുത്തുകാരൻ എഴുതിയത് ഓർക്കുന്നു. 'നടുങ്ങുവിൻ; പാപം ചെയ്യാതിരിപ്പിൻ; നിങ്ങളുടെ കിടക്കമേൽ ഹൃദയത്തിൽ ധ്യാനിച്ചു മൗനമായിരിപ്പിൻ' (സങ്കീർത്തനങ്ങൾ 4:4) കിടക്കമേൽ വരുന്ന ദുശ്ചിന്തകൾ ഉറക്കത്തെ ബാധിക്കുന്നു. ഉറക്കം കെടുത്തുന്ന പരീക്ഷകൾ, ചിന്താകുലങ്ങൾ യേശുവിന് സമർപ്പിച്ച്, എന്റെ ഹൃദയത്തിലെ ധ്യാനം അങ്ങേക്കു പ്രസാദകരമായിരിക്കണമെന്നു പ്രാർത്ഥിക്കുക. അവ താനെ കെട്ടടങ്ങും.

സുഖനിദ്രയ്ക്ക് സന്തോഷചിത്തം ആവശ്യമാണ്. സന്തോഷമുള്ള ഹൃദയം മുഖപ്രസാദമുണ്ടാക്കുന്നു; ഹൃദയത്തിലെ വ്യസനംകൊണ്ടോ ധൈര്യം ക്ഷയിക്കുന്നു" (സദൃശവാക്യങ്ങൾ 15:13) വേദപുസ്തകത്തിലെ ഒരു ദൈവവാഗ്ദാനമാണ് "യഹോവയിങ്കലെ സന്തോഷം നിങ്ങളുടെ ബലം ആകുന്നുവല്ലോ..." (നെഹ. 8:10) എന്നത്. മനുഷ്യജീവിതങ്ങളിൽ ദൈവീക സന്തോഷവും സമാധാനവും വരുമ്പോൾ ജീവിതങ്ങളിൽ അത്ഭുതങ്ങൾ സംഭവിക്കും. ശാന്തിയും സ്വസ്ഥതയും നമ്മെ ഭരിക്കുമ്പോൾ നമ്മുടെ ഉറക്കം സുഖനിദ്രകളാകും.

സന്തോഷിക്കുക എന്നത് നാം ബോധപൂർവം ഉൾക്കൊള്ളേണ്ടതായ മനസ്സിന്റെ അവസ്ഥയാണ്. കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ, സന്തോഷിപ്പിൻ എന്ന് ഞാൻ പിന്നെയും പറയുന്നു.... (ഫിലിപ്പിയർക്കു എഴുതിയ ലേഖനം 4:6) പൗലൊസ് അപ്പൊസ്തലന്റെ കാരാഗൃഹലേഖനം എന്ന് അറിയപ്പെടുന്ന ഫിലിപ്പിയർക്കു എഴുതിയ ലേഖനം താൻ വിലങ്ങുകളാൽ ബന്ധിക്കപ്പെട്ട് കാരാഗൃഹത്തിൽ കിടന്നപ്പോഴാണ് എഴുതിയത്. കഷ്ടതയുടെ കഠിന ശോധനയിൽ എഴുതിയതാണ് ഈ വരികൾ. എന്നും നമ്മെ ബലപ്പെടുത്തുന്ന വാക്യങ്ങൾ ഈ കാരാഗൃഹ വാസത്തെക്കുറിച്ചു ഇങ്ങനെ പറയുന്നു: "അർദ്ധരാത്രിയിൽ, പൗലൊസും ശീലാസും പ്രാർത്ഥിച്ചു; ദൈവത്തെ പാടി സ്തുതിച്ചു" (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 16:25) സുഖമായി ഉറങ്ങിയ അപ്പൊസ്തലനും കൂട്ടുവേലക്കാരനുമായ ശീലാസും പടയാളി കളുടെ നടുവിൽ, ആമത്തിൽ കാൽ ബന്ധിക്കപ്പെട്ടവരായിരുന്നു എന്ന് ഓർക്കുക.

സുഖനിദ്രക്ക് ദൈവം തരുന്ന സന്തോഷം മാത്രമാണ് കൈമുതൽ.

ബന്ധങ്ങളിലുള്ള ഊഷ്മളത, പ്രത്യേകിച്ച് കുടുംബങ്ങളിൽ വേണ്ടത്. മനസ്സിന് ആരോഗ്യം പകരുന്നതാണ്. കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ. സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വെച്ചുകൊണ്ടിരിക്കരുത്" (എഫെസ്യർ 4:26). വീട്ടിൽ ശണ്ഠ കൂട്ടിയ ശേഷം അസ്വസ്ഥമായ മനസ്സുകളുമായി സമാധാനത്തോടെ ഉറങ്ങാൻ സാധ്യമാണോ? ദൈവത്തോടും മനുഷ്യരോടും നിരന്നതിനു ശേഷം മാത്രം ഉറങ്ങാൻ കിടക്കുക.

ഉറക്കമുറിയിൽ ലൈറ്റ് ഇല്ലാതെയുള്ള ഇരുണ്ട പശ്ചാത്തലം ഉറക്കത്തിനു നല്ലതാണ്. എന്നാൽ, ഉറക്കത്തെ പേടിക്കുന്നവരുണ്ട്. അതിനാൽ ലൈറ്റ് ഇട്ടു ഉറങ്ങുന്ന ആളുകളെപ്പറ്റി വായിച്ചിട്ടുണ്ട്, കാരണം ഉറക്കം കഴിഞ്ഞു എഴുന്നേല്ക്കുമോ എന്ന ഭയം. ഇത്തരുണത്തിൽ സങ്കീർത്തനക്കാരന്റെ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന എത്ര ഹൃദ്യമാണ്. "ഞാൻ കിടന്നുറങ്ങി; യഹോവ എന്നെ താങ്ങുകയാൽ ഉണർന്നുമിരിക്കുന്നു(സങ്കീർത്തനങ്ങൾ 3:5). യഹോവ കരുതുന്നതു കൊണ്ട് മാത്രം നാം ഉണരുന്നു എന്ന സത്യം നാം മനസിലാക്കേണ്ടതുണ്ട്. എത്ര പേർ പകൽ കാണാതെ ലോകം വിട്ടുപോകുന്നു.

അതുപോലെ, ശാന്തമായി രാവിലെ എഴുന്നേല്ക്കാൻ കഴിഞ്ഞാൽ ആ ദിവസത്തിനു ഒരു നല്ല ആരംഭം കിട്ടും എന്നതിനു സംശയം ഇല്ല. ഉറക്കച്ചടവോടെ, രാവിലെ എഴുന്നേറ്റാൽ ആ ദിവസം സുഗമമായിരിക്കില്ല. എന്നാൽ ഉണരാൻ സാധിക്കുന്നത് ഒരു ഭാഗ്യമാണ്. "ഞാനോ നീതിയിൽ നിന്റെ മുഖത്തേ കാണും; ഞാൻ ഉണരുമ്പോൾ നിന്റെ രൂപം കണ്ടു തൃപ്തനാകും" (സങ്കീ. 17:15)

കായികാദ്ധ്വാനവും വ്യായാമവും ഉറക്കത്തിനു നല്ലതാണ്. "വേല ചെയ്യുന്ന മനുഷ്യൻ അല്പമോ അധികമോ ഭക്ഷിച്ചാലും അവന്റെ ഉറക്കം സുഖകരമാകുന്നു" (സഭാ പ്രസംഗി 5:21) ശരീരത്തിനും മനസ്സിനുമുള്ള വ്യായാമം ഉറക്കം സുഗമമാക്കുന്നു. വായന തുടങ്ങി നമ്മുടെ ചിന്തകളെ പ്രവർത്തിപ്പിക്കുന്ന മാർഗ്ഗങ്ങൾ അവലംബിക്കുന്നത് മനസിനു വ്യായാമം തരും. ഒരു പരിധിവിട്ട് ടെലിവിഷൻ അനന്തമായി കണ്ടുകൊണ്ടിരിക്കുന്നത് പല രീതിയിൽ ഉറക്കത്തെ ബാധിക്കും. കണ്ണുകൾക്കു ക്ഷീണം സംഭവിക്കുന്നത് ഒരു കാര്യം. എന്നാൽ ചിന്തകളെ പ്രകാശിപ്പിക്കുന്ന വായനകൾ മനസ്സിനെ കൂടുതൽ ക്രിയാത്മകമായി പ്രവർത്തിപ്പിക്കുന്നു. മനസ്സിന്റെ ആരോഗ്യവുമായി ഉറക്കത്തിനു ബന്ധമുണ്ടല്ലോ. Reading activities are better than the visual impact created through media.

സുഖമായി ഉറങ്ങുവാൻ കഴിയുന്നതും രാവിലെ എഴുന്നേൽക്കാൻ കഴിയുന്നതും എല്ലാം ദൈവകൃപ മാത്രം. ഉറക്കത്തിനു സുഖവും തന്നെന്നരികെനിന്നു കൃപയാൽ, ഉറങ്ങാതെന്നെ ബലമായി കാത്ത തിരുമേനിക്കു മഹത്വം'' എന്ന വരികൾ എത്ര അർത്ഥവത്താണ്. ദൈവത്തിന്റെ സ്നേഹ പരിപാലനത്തിൽ ഉറങ്ങുവാൻ സാധിക്കുക എന്നത് നാം ദൈവത്തിൽ നിന്നും പ്രാപിക്കുന്ന അനുഗ്രഹമാണ്. അതു തീർച്ചയായും ദൈവത്തിൽ നിന്നു ദിവസവും പുതുതായി നമുക്കു ലഭിക്കുന്ന കരുണയുടെയും കൃപയുടെയും പ്രതിഫലനമാണ്. (വിലാപങ്ങൾ 3:22)

**ജോർജ് ജോൺ**
ID No. G-087



# ആരാധനാസംഗീതം കാലഘട്ടങ്ങളിലൂടെ....

**ആ**രാധനാ സംഗീതം നിറഞ്ഞ ഭക്തിയുടേയും ഉറച്ച സാക്ഷ്യത്തിന്റെയും ഫലമായി ഹൃദയത്തിൽ നിന്നു ബഹിർഗമിക്കപ്പെടുന്ന വൈകാരികഭാവമാണ്. അതിന്റെ വിത്തുകൾ കലാന്തരങ്ങളിൽ ഉതിർക്കപ്പെടുന്നവയും കോടാനുകോടികളിൽ വിതയ്ക്കപ്പെട്ട് വീണ്ടെടുപ്പിന്റെ സാക്ഷ്യം വിളംബരം ചെയ്യുന്നവയുമാണ്.

**ആദിമ സംഗീതം**

മനുഷ്യൻ അതിപുരാതന കാലംമുതൽ സംഗീതത്തെ തിരിച്ചറിഞ്ഞിരുന്നു. അവർ അപരിഷ്കൃതനായി ഉൾവനങ്ങളിലും പാറയിടുക്കളിലും ജീവിച്ചപ്പോൾ മൃഗങ്ങളെ വേട്ടയാടുവാൻ ഉപയോഗിച്ചിരുന്ന വടികളാണ് ആദ്യകാല സംഗീത ഉപകരണം എന്നു അനുമാനിക്കപ്പെടുന്നു. പ്രകൃതിദൈവങ്ങളെ ആരാധിച്ചിരുന്ന പുരാതന ജനത സന്ധ്യാനേരങ്ങളിൽ ഭക്ഷണസമയം, വട്ടംകൂടിയിരുന്ന് തങ്ങളുടെ ആയുധവടികൾ കൂട്ടി മുട്ടിച്ച് ശബ്ദമുണ്ടാക്കുകയും താളാത്മകമായി ചുവടു വയ്ക്കുകയും ചെയ്തിരുന്നതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. മനുഷ്യൻ ഇരുകൈകളും കൂട്ടിമുട്ടിയ്ക്കുമ്പോൾ ഉണ്ടായ ശബ്ദവും താളാത്മകസംഗീതത്തിനു വിത്തു പാകി. “കമ്പടവുകൾ” “കമ്പടവുകളി” തുടങ്ങിയ ആദിമ കലകൾ നിലവിലുണ്ടായിരുന്നു. തുടർന്ന് അമ്പും വില്ലും ഉപയോഗിച്ചു തുടങ്ങിയപ്പോൾ “വില്ലടിച്ചാൻ പാട്ട്” എന്ന കലാരൂപമുണ്ടായി. അങ്ങനെ കാലാകാലങ്ങളിൽ സന്ദർഭോചിതമായി പാടിയിരുന്ന പാട്ടുകൾ നാടൻ പാട്ടുകളായും ദേവസ്തുതി മാധ്യമങ്ങളായും പരിണമിച്ചു. ഓരോ ദേശത്തും അതതു പ്രദേശങ്ങളിലെ വിശ്വാസത്തിനും ഭാഷയ്ക്കും സംസ്കാരത്തിനും കഥകൾക്കും എല്ലാം അനുസൃതമായി വായ്മൊഴി പാട്ടുകളായി പ്രചരിച്ചിരുന്നു. ഇവയാണ് ലോകമെമ്പാടുമുള്ള ഫോക്ലോർ (Folklore) പ്രസ്ഥാനത്തിന്റെ ആരംഭം. ഇവയെല്ലാം തങ്ങളുടെ ദൈവത്തെ സ്തുതിക്കുന്ന പാട്ടുകളായിരുന്നു.

**ആദ്യത്തെ സംഗീതഉപകരണം**

അറുപതിനായിരം വർഷങ്ങൾക്കു പിന്നിൽ ആദിമ മനുഷ്യൻ “നിയാണ്ടർതാൽ” (Neanderthals) ഉണ്ടാക്കി എന്നു കരുതപ്പെടുന്ന നിയാനണ്ടർതാൽ ഫ്ളൂട്ട് (Neanderthalflute) ആണ് ആദ്യത്തെ സംഗീത ഉപകരണമായി കരുതപ്പെടുന്നത്.

**സംഗീതത്തിന്റെ വളർച്ച**

ദൈവപ്രീതിക്കായി ആദിമ മനുഷ്യൻ നടത്തി വന്ന പൂജാദികർമ്മങ്ങളുടെ പശ്ചാത്തലത്തിൽ ക്രമാനുഗതമായി ആരാധനാ സംഗീതവും വളർന്നു വന്നു. ഏറെ

നേരം ഒരേ മട്ടിൽ നാമജപങ്ങൾ ഉരുവിട്ട് മടുപ്പ് തോന്നിയപ്പോൾ അവർ കീഴ്സ്ഥായിയിലും (low pitch) ഉച്ചസ്ഥായിയിലും (high pitch) മാറിമാറിപാടാൻ തുടങ്ങി. പിൽക്കാലത്ത് അഞ്ചു സ്വരങ്ങളായ 'സ്വരപഞ്ചരവും'' ഏഴു സ്വരങ്ങളായ സപ്തസ്വരങ്ങളും വികസിച്ചു വന്നു.

**"സ്ഫോടനം നാദം" – സ്തുതി**

മനുഷ്യ കർണങ്ങൾക്ക് കേൾക്കാൻ കഴിയുന്ന രണ്ടുതരം ശബ്ദങ്ങളുണ്ട്. 'സ്ഫോടനം' എന്നും 'നാദം' എന്നും അവ അറിയപ്പെടുന്നു. 'സ്ഫോടനം' കേൾക്കുന്ന മാത്രയിൽ തന്നെ അവസാനിക്കുന്നു, എന്നാൽ 'നാദം' തുടർന്നും കേൾക്കാൻ കഴിയുന്ന ധ്വനികളാണ്. നാദം ഇമ്പദായകങ്ങളാണ്. ഇതാണ് "ശ്രുതി" (Pitch) യായി രൂപപ്പെടുന്നത്.

**സപ്തസ്വരങ്ങൾ-അടിസ്ഥാനം**

ലോകത്തിലുള്ള എല്ലാത്തരം സംഗീതത്തിന്റെയും ആധാരശിലയാണ് സപ്തസ്വരങ്ങൾ. ഇന്ത്യൻ ക്ലാസിക്കൽ സംഗീതത്തിലെ ഏഴുസ്വരങ്ങളിൽ ആറ് സ്വരങ്ങൾ, ജനിക്കുന്നത് എന്നർത്ഥം വരുന്ന പദമാണ് 'ഷഡ്ജം'. "രി, ഗ, മ, പ, ധ, നി" എന്നിവയാണ് പ്രസ്തുത ആറ് സ്വരങ്ങൾ അവയുടെ ജനനം ഏഴുമൃഗങ്ങളുടെ / പക്ഷികളുടെ സ്വരങ്ങളിൽ നിന്നാണ്. ഷഡ്ജം (Sa-the peacock), ഋഷഭം (Re- or Ri - the bull /skylark), ഗാന്ധാരം (Ga- the goat), മാധ്യമം (Ma-the dove /heron), പഞ്ചമം (Pa- the cuckoo/nightingale), ധൈവതം (Dhor Da- the horse), നിഷാദം (Ni- the elephant).

ഇവ, റ്റോണിക് സോൽഫാ (Tonic - solfa) ലിപിയിൽ doh, ray, me, fah, soh, lah, te എന്നും, സ്റ്റാഫ് നൊട്ടേഷൻ (Staff notation) ലിപിയിൽ A,B,C,D,E,F,G എന്നും എഴുതുകയുംപാടുകയും ചെയ്യുന്നു.

**റ്റോണിക്സോൾഫായും സ്റ്റാഫ് നൊട്ടേഷനും**

ഇന്നലെകളിലെ സംഗീതം നമ്മിലേക്ക് എത്തിച്ചത് സ്റ്റാഫ് നൊട്ടേഷൻ, റ്റോണിക്സോൾഫാ നൊട്ടേഷൻ എന്നീ സംഗീതസ്വര ലിപിക്ളിലൂടെയാണ്. 19-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ഉടലെടുത്ത സംഗീതലിപിയാണ്, റ്റോണിക്സോൾഫാ. ജോൺ കർവൻ എന്ന കോൺഗ്രിഗേഷണൽ സഭയുടെ പുരോഹിതനാണ് ഇതിന്റെ ഉപജ്ഞാതാവ്. തുല്യ അകലത്തിലുള്ള അഞ്ചു സമാന്തരരേഖകൾ വരച്ച് അവയ്ക്കിടയിലും അവയിലും എഴുതുന്ന പ്രത്യേക സംഗീത അടയാളങ്ങളാണ് സ്റ്റാഫ് നൊട്ടേഷൻ

**പാശ്ചാത്യ സംഗീതത്തിന്റെ സ്വാധീനം**

പാശ്ചാത്യ ക്രൈസ്തവ മിഷനറിമാരിലൂടെ അവരുടെ സംഗീതവും ഇവിടെ പ്രചരിച്ചു. CMS, LMS, BMS മിഷനറിമാർ നമുക്ക് തന്ന പാട്ടുകൾ എല്ലാം തന്നെ ഇംഗ്ലീഷ് ഗാനപരിഭാഷകളാണ്. ആരാധനയിൽ എല്ലാവർക്കും ഒത്തൊരുമിച്ചു

പാടുന്നതിന് അനുയോജ്യമായ ലളിത സ്വരപ്രയോഗങ്ങളുള്ളതാണ് ഈ ഇംഗ്ലീഷ് ഗാനങ്ങൾ.

**ക്രൈസ്തവ ദേവാലയസംഗീതം - ചാതുര്യകീർത്തനം**

ഒരു ഗായകസംഘം ഒരു ഗാനം തന്നെ ഒരേ സമയം വ്യത്യസ്തസ്വര സ്ഥാനങ്ങളിൽ ഓരോ വ്യക്തിയുടെയും സ്വരസഞ്ചാര പരിധിക്കുള്ളിൽ പാടുമ്പോൾ അതിനെയാണ് "four parts singing" എന്നു പറയുന്നത്. ശരിയായ സ്വരസ്ഥാനങ്ങളിൽ തന്നെ പാടാൻ കഴിയുമ്പോഴാണ് സുഖകരമായ ഹാർമണി അനുഭവപ്പെടുന്നത്. സ്വരസ്ഥാനങ്ങൾ പാടി ഉറച്ചതിനുശേഷം മാത്രമേ four parts singing ന് തുനിയാവൂ.

എത്രയും ഭംഗിയായി, എത്രയും ഇമ്പമായി പാടാൻ കഴിയുന്നുവോ അത്രയും ദൈവത്തോടു ചേർന്നു നിൽക്കും, നമ്മുടെ മനസ്സും ഹൃദയവും. കാലഘട്ടങ്ങളിലൂടെ ആർജ്ജിച്ച സംഗീതാലാപനത്തിലൂടെ ദൈവത്തെ പാടിസ്തുതിക്കാം. ഗായകസംഘത്തിന്റെ സാക്ഷികളാകാം.

**75 വർഷങ്ങൾ 75-ാം കീർത്തനം**

1947 സെപ്റ്റംബർ 27 ന് രൂപീകൃതമായ ദക്ഷിണേന്ത്യസഭ (CSI) യുടെ പ്ലാറ്റിനം ജൂബിലിയും ഈ മാസമാണല്ലോ. ഈ ആഘോഷവേളയിൽ ജ്ഞാന കീർത്തനത്തിലെ 75-ാമത്തെ പാട്ട് തന്നെയാണ് ഏറ്റവും ഉചിതമായ തീം സോംഗ്. നമുക്ക് ഒരുമിച്ചിച്ച പാടാം.

*"ആദിത്യൻ ഉദിച്ചിടുന്ന ദേശങ്ങളിലെല്ലാം യേശു*
*അന്തമില്ലാത്താത്തൊരു രാജ്യം*
*സ്ഥാപിച്ചു വാഴും എന്നേക്കും*
*ലോകർ വരട്ടെ തൻ മുമ്പിൽ*
*സ്തുതി സ്തോത്രത്തോടുകൂടെ*
*മേൽ ലോക സൈന്യം പാടട്ടെ*
*ഭൂമി ചൊല്ലിടട്ടെ ആമേൻ*

ആധുനിക ഇംഗ്ലീഷ് സ്തുതി ഗീതങ്ങളുടെ പിതാവ് എന്നറിയപ്പെടുന്ന ഐസക്‌വാട്സ് ചിട്ടപ്പെടുത്തിയ അതിമനോഹരമായ ഈ പാട്ട് പാടി നമുക്ക് ദൈവത്തെ ആരാധിക്കാം. ദൈവനാമം മഹത്വപ്പെടട്ടെ.

**സാം വി. ജെയിംസ്**
ID - S 018

** കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ച ഈ ലേഖനത്തിൽ ധാരാളം അച്ചടിപിശകുകൾ വന്നതായി കാണുന്നു. പത്രാധിപസമിതി അതിൽ ഖേദം പ്രകടിപ്പിക്കുന്നതിനോടൊപ്പം പിശകുകൾ തിരുത്തി ലേഖനം പുനഃപ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.*

# Birthday Greetings October 2022

| Day | Name | ID |
|---|---|---|
| 01-Oct | Mr. Sudheesh Jacob Mathew | S-094 |
| 01-Oct | Master. Jake Ashok Thomas | A-096 |
| 01-Oct | Mrs. Manju Sara Daniel | B-047 |
| 01-Oct | Miss. Rona George M | G-068 |
| 01-Oct | Mrs. Betsy Jacob | J-028 |
| 01-Oct | Mrs. Rekha Jim Joseph | J-076 |
| 01-Oct | Dr. Suma Chacko | N-009 |
| 01-Oct | Mr. Jiju George Zachariah | S-003 |
| 01-Oct | Ms. Ann Elsa Varughese | S-037 |
| 01-Oct | Mr. Abraham Mathew | A-017 |
| 01-Oct | Mrs. Mary Varughese | V-024 |
| 01-Oct | Mrs. P Gnana Malar | V-041 |
| 02-Oct | Master. Kiran Ajith Joseph | A-049 |
| 02-Oct | Ms. Rheya Susan George | G-040 |
| 02-Oct | Dr. Mohan Mathew John | M-112 |
| 02-Oct | Mrs. Aneena Balson | G-090 |
| 02-Oct | Mrs. Shiny Susan George | R-058 |
| 02-Oct | Mrs. Reena Ninan | S-015 |
| 02-Oct | Mr. Stephen Purushothaman | S-087 |
| 02-Oct | Mrs. T Jenitha Vincy Santhosh | S-143 |
| 03-Oct | Mrs. Betty Mathew | A-091 |
| 03-Oct | Mrs. Beena Jacob | J-032 |
| 03-Oct | Master. Jonith Jexson | J-068 |
| 03-Oct | Master. Nikhail Jonathan John | J-092 |
| 03-Oct | Master. Nived Samuel John | J-092 |
| 03-Oct | Mr. Thejas Mathews | M-091 |
| 03-Oct | Mr. Roy Philip A | R-059 |
| 03-Oct | Mrs. Priya Sara Kuruvilla | S-011 |
| 03-Oct | Mrs. Susan Thomas | T-011 |
| 03-Oct | Mrs. Susy Thomas | T-047 |
| 03-Oct | Mrs. Nija Verghese Thomas | T-057 |
| 04-Oct | Mr. Koshy G George | G-072 |
| 04-Oct | Mrs. Tharshini Mathew | J-015 |
| 04-Oct | Miss. Serena Ann Jacob | J-016 |

| Day | Name | ID |
|---|---|---|
| 04-Oct | Mrs. Prema Leethial P | P-028 |
| 04-Oct | Mrs. Annie Romal Solomon | R-054 |
| 04-Oct | Ms. Divya John | T-015 |
| 04-Oct | Mr. Thomas Stephen | T-063 |
| 05-Oct | Mrs. Nisha Ajith Joseph | A-049 |
| 05-Oct | Mrs. Susan George | G-013 |
| 05-Oct | Miss. Samara Abraham | G-028 |
| 05-Oct | Mr. Renji Mathews Jacob | R-040 |
| 05-Oct | Mr. K Mathew Kurien | M-068 |
| 05-Oct | Mr. Mathew K J | M-088 |
| 05-Oct | Mrs. Annamma Paulraj | P-005 |
| 05-Oct | Mrs. Flocy Mary Jacob | P-007 |
| 05-Oct | Mr. Philip K Thomas | P-011 |
| 05-Oct | Miss. Staney Albert James | S-019 |
| 05-Oct | Mrs. Leelamma Thomas | T-058 |
| 06-Oct | Mr. M V Daniel | D-011 |
| 06-Oct | Mrs. Hannah Philip | D-032 |
| 06-Oct | Mrs. Saramma George | J-018 |
| 06-Oct | Mrs. Jasmine Anna Mani | J-060 |
| 06-Oct | Miss. Almithra R Joseph | J-182 |
| 06-Oct | Mr. P K Luke | L-010 |
| 06-Oct | Mr. Mathen George | M-055 |
| 06-Oct | Mr. Mathew Oommen | M-070 |
| 06-Oct | Mrs. Sheena Ann Mammen | R-066 |
| 07-Oct | Mr. Renlee T Raju | R-020 |
| 07-Oct | Ms. Cynthia Elizabeth Thomas | T-010 |
| 07-Oct | Miss. Elvyn Daniyl Dinakar | D-027 |
| 08-Oct | Mrs. Mary Thomas | A-024 |
| 08-Oct | Prof. Annie P David | A-116 |
| 08-Oct | Master. Jeff Daniel Christy | C-027 |
| 08-Oct | Mrs. Jane Daniel | D-011 |
| 08-Oct | Mrs. Selva Pushpam | I-002 |
| 08-Oct | Mr. Philip Benjamin Moffat | P-025 |
| 08-Oct | Mr. Bobby Thomas | T-072 |

| | | |
|---|---|---|
| 08-Oct | Master. Ajay John Thomas | T-074 |
| 09-Oct | Mrs. Reena John | A-015 |
| 09-Oct | Mrs. Siji Benoy | B-019 |
| 09-Oct | Mr. Johnson John | J-132 |
| 09-Oct | Dr Prof. Minny Mary Mammen | M-096 |
| 09-Oct | Miss. Jovana Ann Cherian | N-008 |
| 09-Oct | Mrs. Lini Jacob | S-105 |
| 09-Oct | Master. Sanath Roy Manoj | S-111 |
| 09-Oct | Master. Albin M Thomas | T-075 |
| 09-Oct | Dr. Amy Joseph George | J-138 |
| 09-Oct | Master. Abel Varghese Vivek | V-042 |
| 10-Oct | Miss. Arya Emma Mathew | A-086 |
| 10-Oct | Miss. Elsa Anna Arun | A-127 |
| 10-Oct | Mr. Bejoy G John | B-006 |
| 10-Oct | Mr. Filji T John | F-002 |
| 10-Oct | Miss. Bincy George | G-048 |
| 10-Oct | Mr. Abraham John | A-099 |
| 10-Oct | Mrs. Ancy Martin Cumberland | M-027 |
| 10-Oct | Mrs. Merin Saju Joseph | M-094 |
| 10-Oct | Master. P A Rajputhra | R-014 |
| 10-Oct | Mr. A Samuel Sunil | S-022 |
| 10-Oct | Mr. Arun Abraham Thomas | T-040 |
| 11-Oct | Mrs. Ammini Thomas | A-080 |
| 11-Oct | Ms. Sarah Easow | E-006 |
| 11-Oct | Mrs. Leelamma Kuruvilla | E-010 |
| 11-Oct | Mr. Jacob Abraham | J-016 |
| 11-Oct | Ms. Joel David John | J-123 |
| 11-Oct | Dr. Manoj I J | M-011 |
| 11-Oct | Ms. Sushmitha Mathews | M-091 |
| 11-Oct | Miss. Rachel Anna Cherian | R-043 |
| 12-Oct | Mr. Ajith Mathew Jacob | A-046 |
| 12-Oct | Dr. Babu Mathew P | B-001 |
| 12-Oct | Dr. P George Easow | G-060 |
| 12-Oct | Mrs. Janci Jayapal | J-061 |
| 12-Oct | Miss. Naomi Sarah John | J-124 |
| 12-Oct | Mrs. Rebecca Joseph | K-006 |
| 12-Oct | Ms. Nikita Susan Jacob | M-016 |
| 12-Oct | Dr. Elizabeth John | R-051 |
| 12-Oct | Mr. Febin Samuel | F-005 |
| 12-Oct | Mrs. Rejoice Aleyamma Abraham | S-144 |
| 13-Oct | Mr. Samuel Abraham Koshie | A-012 |
| 13-Oct | Mrs. Elizabeth Varkey | E-012 |
| 13-Oct | Mrs. Dinah Ria Cherian | J-073 |
| 13-Oct | Miss. Kavya Chandy | R-035 |
| 13-Oct | Mrs. Annie Koshy | S-014 |
| 14-Oct | Master. Ansel Kurien Abby | A-001 |
| 14-Oct | Ms. Jis Sara George | A-056 |
| 14-Oct | Mr. Eby Dius | A-115 |
| 14-Oct | Mr. Balu Abraham Varghese | B-005 |
| 14-Oct | Mrs. Jyoti Jacob | J-003 |
| 14-Oct | Miss. Riti Joseph | J-074 |
| 14-Oct | Master. Ryan Joseph | J-074 |
| 14-Oct | Mrs. Rashmy Shenoy | J-092 |
| 15-Oct | Mrs. Anu Benoy Abraham | New |
| 15-Oct | Mrs. Minu Anna John | G-025 |
| 15-Oct | Ms. Nima Joy | J-135 |
| 15-Oct | Dr. Philip Abraham | P-015 |
| 15-Oct | Mr. Shaji Thomas | S-138 |
| 15-Oct | Ms. Stephn Susan Koshy | New |
| 15-Oct | Dr. Susila A Abraham | T-014 |
| 16-Oct | Mr. B I Daniel | D-009 |
| 16-Oct | Mr. E Ebenezer Rajakumar | E-008 |
| 16-Oct | Mrs. Saramma Varkey | J-048 |
| 16-Oct | Mr. John Binoy Philip | J-113 |
| 16-Oct | Mrs. Reeba Oommen | O-006 |
| 16-Oct | Miss. Sandi Ann Thomas | T-042 |
| 16-Oct | Mrs. Eleyzabeth Mathew | V-036 |
| 17-Oct | Dr. Tim Thomas Joseph | J-166 |
| 17-Oct | Mr. Rohit Joseph | R-025 |
| 17-Oct | Mr. Shali K J | S-056 |
| 17-Oct | Mrs. Adeline Christilda Manuel | S-102 |
| 17-Oct | Ms. Riya Mariam Kurien | V-029 |
| 18-Oct | Mr. Kenny John Jacob | F-001 |
| 18-Oct | Mr. George M J | G-070 |

| | | | | | |
|---|---|---|---|---|---|
| 18-Oct | Mrs. Elizabeth Jacob | J-051 | 22-Oct | Miss. Andrea Grace George | G-050 |
| 18-Oct | Mr. Ryan Thomas | J-141 | 22-Oct | Mr. Subish Jacob | J-043 |
| 18-Oct | Mr. Prasad Kuruvila | P-035 | 22-Oct | Miss. Kriti Eli Korula | K-009 |
| 18-Oct | Miss. Nina Susan George | R-024 | 22-Oct | Dr. Sibu Varghese | S-067 |
| 18-Oct | Mr. Rahul S | S-051 | 23-Oct | Mrs. Lisa Ajosh | A-052 |
| 18-Oct | Miss. Lydia Ann Philip | T-082 | 23-Oct | Mr. Easow Kurien | E-006 |
| 18-Oct | Mrs. Sonia Sabu Jacob | S-139 | 23-Oct | Mr. P G George | G-041 |
| 19-Oct | Mrs. Princy Mariam Daniel | R-076 | 23-Oct | Mrs. Jincy George | G-042 |
| 19-Oct | Miss. Liz Sarah Jacob | A-002 | 23-Oct | Mrs. Sheela Issac | I-009 |
| 19-Oct | Ms. Ranjana Elezabeth Abraham | A-014 | 23-Oct | Mrs. Silu Merin Mathew | K-035 |
| 19-Oct | Mr. Jameson James Cherian | J-057 | 23-Oct | Ms. Vijitha Ammini Mammen | M-003 |
| 19-Oct | Mr. M M John | J-105 | 23-Oct | Dr. Ann K Noah | R-070 |
| 19-Oct | Master. Jaiden Ninan Abraham | J-179 | 23-Oct | Dr. Philip J Prakash | R-070 |
| 19-Oct | Ms. Annamma Koshy | K-016 | 23-Oct | Miss. Anisha Maria Joseph | R-072 |
| 19-Oct | Mr. Suku C Oommen | S-098 | 23-Oct | Miss. Lekha George | S-027 |
| 19-Oct | Mrs. Simi Sunil Jacob | S-104 | 23-Oct | Mrs. Jerrin Rachel Aliyas | E-020 |
| 19-Oct | Mrs. Aleyamma Thomas | T-053 | 23-Oct | Miss. Reeba Samuel | S-027 |
| 20-Oct | Mr. N M Abraham | A-009 | 24-Oct | Master. Aiden Cheriyan | A-129 |
| 20-Oct | Master. Andrew Paul Solomon | A-055 | 24-Oct | Mr. Sanil Edwin | J-084 |
| 20-Oct | Miss. Ribi Alex | A-060 | 24-Oct | Mr. John Philip | J-113 |
| 20-Oct | Miss. Anjela Jacob | A-125 | 24-Oct | Dr. Arvin Kurian Ponnat | A-146 |
| 20-Oct | Mr. M Y Rao | R-023 | 24-Oct | Mrs. Kunjukunjamma Oommen | K-025 |
| 20-Oct | Mr. Sachin George Varghese | S-007 | 24-Oct | Mrs. Maris Mathen | M-025 |
| 20-Oct | Miss. Smitha Albert James | S-019 | 24-Oct | Mr. Paulraj K | P-005 |
| 20-Oct | Ms. Diya Elizabeth Thomas | S-069 | 24-Oct | Mrs. Rachana John | S-038 |
| 20-Oct | Mrs. Lizy Thomas | T-045 | 24-Oct | Mrs. Saramma Thomas | T-060 |
| 20-Oct | Mr. Thomas Luke William | T-076 | 25-Oct | Dr. Dani Dius | A-115 |
| 20-Oct | Mr. Jiji Philip Vaghese | V-005 | 25-Oct | Mrs. Sneha Susan John | T-079 |
| 21-Oct | Mrs. Susan Alex | A-059 | 25-Oct | Mr. K J George | G-059 |
| 21-Oct | Master. Rhys Abraham Johnson | B-025 | 25-Oct | Miss. Jina Annie Riju | R-052 |
| 21-Oct | Master. David George Daniel | B-047 | 25-Oct | Mr. Jacob Chacko | S-105 |
| 21-Oct | Mrs. Elizabeth Mammen | I-001 | 25-Oct | Ms. Molly Thomas | T-013 |
| 21-Oct | Mr. Bipin R Thomas | M-020 | 25-Oct | Mr. Aswin Mathew Titus | New |
| 21-Oct | Mr. Noble Mammen Chacko | N-009 | 26-Oct | Mrs. Renu C John | A-051 |
| 21-Oct | Mrs. Reethi Varghese | S-067 | 26-Oct | Miss. Noyna Susan John | J-086 |
| 21-Oct | Mrs. Anitha Eapen | E-001 | 26-Oct | Mrs. Aneesha Mary Abraham | J-058 |


| | | |
|---|---|---|
| 26-Oct | Miss. Shreya Rosa Stephen | S-088 |
| 27-Oct | Mr. Benjamin Joseph Abraham | A-010 |
| 27-Oct | Ms. Leena Davidson | A-089 |
| 27-Oct | Master. Thomas Korah | K-008 |
| 27-Oct | Mr. Philip John Varghese | P-023 |
| 27-Oct | Mr. Prem Joseph Thomas | P-038 |
| 27-Oct | Master. Sachen Itty | S-050 |
| 27-Oct | Mrs. Ann Samuel | S-092 |
| 27-Oct | Mrs. Janner Annie Taby | T-001 |
| 28-Oct | Mr. T I Cheriyan | C-024 |
| 28-Oct | Mr. Jerry Mathen George | G-062 |
| 28-Oct | Dr. Korula Varghese | K-009 |
| 28-Oct | Master. Tanish Raj Vijay | R-015 |
| 28-Oct | Mr. Romal Solomon | R-054 |
| 28-Oct | Mr. Shaji K J | S-054 |
| 28-Oct | Mr. Shibu Joy Edison | S-061 |
| 28-Oct | Mr. Solomon Thomas | S-071 |
| 28-Oct | Mrs. Sosamma Thomas | S-080 |
| 28-Oct | Master. Rohan Tomaz John | T-021 |
| 28-Oct | Master. Tomson Jeremy | T-071 |
| 29-Oct | Mrs. Jessie Abraham | A-010 |
| 29-Oct | Mrs. Nita Abraham | A-016 |
| 29-Oct | Mrs. Anita Jacob | A-048 |
| 29-Oct | Mrs. Annie George Verghese | A-117 |
| 29-Oct | Mrs. J Leelamoni Charles | C-031 |
| 29-Oct | Master. Joel D Koshy | R-010 |
| 29-Oct | Mr. Rakesh Jayaprakash | R-021 |
| 29-Oct | Master. Derrick Thomas George | R-057 |
| 29-Oct | Mr. Thomas Oommen | T-031 |
| 30-Oct | Mr. Anoop Abraham | A-120 |
| 30-Oct | Mr. K Eapen Koshy | E-001 |
| 30-Oct | Dr. Dolly John Ponnat | J-122 |
| 30-Oct | Master. P A Rajsoonu | R-014 |
| 30-Oct | Miss. Sonia Elizabeth Thomas Christie | R-016 |
| 30-Oct | Mr. Roy Mathai | R-061 |
| 31-Oct | Mr. Roy Philip | R-064 |
| 31-Oct | Mrs. Susan Jacob | S-017 |
| 31-Oct | Mrs. Sosamma Samuel | S-081 |
| 31-Oct | Mrs. Leila Thomas | V-037 |
| 31-Oct | Ms. Inara Grace Chandy | V-043 |
| 31-Oct | Master. Ayden Thomas Zachariah | Z-002 |

## Wedding Anniversaries - October 2022

| Day | Name | ID |
|---|---|---|
| 01-Oct | George Kurien I (Mr & Mrs) | G-075 |
| 03-Oct | George M T (Mr & Mrs) | G-077 |
| 07-Oct | K George Jacob (Mr & Mrs) | G-021 |
| 08-Oct | Anil Mathew (Mr & Mrs) | A-088 |
| 09-Oct | Thomas Biju Mathew (Dr & Mrs) | T-035 |
| 10-Oct | Benoy George Thomas (Mr & Mrs) | B-021 |
| 10-Oct | P I John (Mr & Mrs) | J-099 |
| 18-Oct | C V Joseph (Mr & Mrs) | J-146 |
| 18-Oct | Sony J George (Mr & Mrs) | S-076 |
| 18-Oct | Thomas Korah (Mr & Mrs) | T-048 |
| 19-Oct | Daniel George (Mr & Mrs) | D-005 |

| | | |
|---|---|---|
| 19-Oct | Deepak Joseph Mathew (Mr & Mrs) | D-019 |
| 17-Oct | P G George (Mr & Mrs) | G-041 |
| 19-Oct | V Sam James (Mr & Mrs) | S-018 |
| 19-Oct | Santhosh J Varughese (Lt Col & Mrs) | S-037 |
| 20-Oct | Oommen V Oommen (Dr & Mrs) | O-009 |
| 20-Oct | Suresh Varghese (Mr & Mrs) | S-121 |
| 22-Oct | M M George (Mr & Mrs) | G-048 |
| 22-Oct | V S Hezakiel (Mr & Mrs) | H-002 |
| 22-Oct | Vinod Thomas (Mr & Mrs) | V-036 |
| 23-Oct | Jithu Ninan Abraham (Mr & Mrs) | J-179 |
| 23-Oct | Rajeev P M (Mr & Mrs) | R-014 |
| 23-Oct | Suresh Mathew Verghis (Mr & Mrs) | S-119 |
| 24-Oct | Jacob Abraham (Mr & Mrs) | J-016 |
| 24-Oct | Jacob Y Davidson (Mr & Mrs) | J-021 |
| 24-Oct | Varghese Mathew (Mr & Mrs) | V-007 |
| 25-Oct | Jijoe K Varghese (Mr & Mrs) | J-072 |
| 25-Oct | Joseph Mathew (Mr & Mrs) | J-152 |
| 26-Oct | Ajith K Joseph (Mr & Mrs) | A-049 |
| 26-Oct | Jesty K Koshy (Mr & Mrs) | J-067 |
| 26-Oct | Saji Sam George (Mr & Mrs) | S-004 |
| 27-Oct | P George Easow (Dr & Mrs) | G-060 |
| 27-Oct | Jibu Jacob John (Mr & Mrs) | J-070 |
| 28-Oct | Beney Tharian (Mr & Mrs) | B-012 |
| 28-Oct | Jerry Ipe Thomas (Mr & Mrs) | J-064 |
| 28-Oct | P A Thomas (Mr & Mrs) | T-028 |
| 29-Oct | Lincoln Jacob (Mr & Mrs) | L-008 |
| 29-Oct | Varghese John (Mr & Mrs) | V-008 |
| 30-Oct | Roy M P (Mr & Mrs) | R-009 |
| 30-Oct | S Prabakaran (Mr & Mrs) | P-001 |
| 30-Oct | Winny Joseph (Dr & Mrs) | W-005 |
| 30-Oct | Boney John Thomas (Mr & Mrs) | B-018 |
| 31-Oct | William Jacob (Mr & Mrs) | W-002 |


Ambatt Printers | 9388542776



## Dr. Aashish & Dr. Sherin

MARRIED ON 5TH SEPTEMBER 2022

D/o Dr. Thomas Manuel and Dr. Susila Abraham (ID:T-014)
S/o Dr. George M Chandy and Dr. Rachel Chandy (ID:G-039)

# 14th Death Anniversary

**7th October 2022.**



## Bailey Jacob

**Thekkummootil House**
**Avittom Road, Medical College,Trivandrum**

*Remembering You Fondly.....*

Maria & Nikki (ID No: M-016, Page 196)